File No.FWLD-A2/94/2018-FWLD

16663
30/9/19

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

മലയാറ്റൂർ ഡിവിഷനിലെ തടിമില്ലുകൾക്ക നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകിയതിലെ ക്രമക്കേടുകൾ- ശ്രീ . കെ . പി . ഹുസൈൻ , റിട്ടയേർഡ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.108/2019/വനം** തീയതി,തിരുവനന്തപുരം, 11/03/2019

---

പരാമർശം:- 1 സ.ഉ.(സാധാ) നം. 172/07/F&WLD തീയതി 29.03.2007

2 സ.ഉ.(സാധാ) നം. 153/08/F&WLD തീയതി 19.03.2008

3 സ.ഉ.(സാധാ) നം. 293/2015/വനം തീയതി 01.07.2015

4 ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 25.08.2017ലെ ബി4-5539/07 നമ്പർ കത്ത്.

<u>ഉത്തരവ്</u>

മലയാറ്റൂർ ഡിവിഷനിലെ തടിമില്ലുകൾക്ക നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയിരുന്ന ശ്രീ . കെ . വി . ഹുസൈനെ പരാമർശം (1 )പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു . പരാമർശം (2 )പ്രകാരം ടിയാനെ സർവ്വീസിൽ പുന: പ്രവേശിപ്പിക്കുകയും, അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തു.അച്ചടക്ക നടപടിയുടെ ഭാഗമായ ഔപചാരികാന്വേഷണത്തിൽ ടിയാനെതിരെയുള്ള ആരോപണം ഭാഗീകമയി മാത്രം തെളിഞ്ഞ സാഹചര്യത്തിൽ ശ്രീ . കെ . പി . ഹുസൈനെ കുറ്റവിമുക്തനാക്കി പരാമർശം(3) പ്രകാരം ഉത്തരവായിരുന്നു .

2) ശ്രീ . കെ . പി . ഹുസൈൻ , റിട്ടയേർഡ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിനെ പൂർണ്ണമായും കുറ്റവിമുക്തനാക്കിയിട്ടുള്ള സാഹചര്യത്തിൽ ടിയാന്റെ സസ്പെൻഷൻ കാലം ക്രമീകരിക്കണമെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (4)പ്രകാരംഅഭ്യർഥിച്ചു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ. കെ.പി.ഹുസൈൻ, റിട്ടയേർഡ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിനെ അച്ചടക്ക നടപടികളിൽ നിന്നും

ഒഴിവാക്കി ഉത്തരവായതിനാൽ 29/03/2007 മുതൽ 18/03/2008 വരെയുള്ള സസ്പെൻഷൻ കാലയളവ് ടി കാലയളവിൽ ടിയാൻ കൈപ്പറ്റിയ ഉപജീവന ബത്ത കഴിച്ചുള്ള ശമ്പളവും ബത്തകളും ഉൾപ്പെടെ എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയിലുള്ള കാലയളവായി കണക്കാക്കി, 19/03/2008 മുതൽ ജോലിയിൽ തിരികെ പ്രവേശിച്ചത് വരെയുള്ള കാലയളവ് KSR Part I Rule-56B(9) Note-2 പ്രകാരം പ്രവേശന കാലമായോ അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിച്ചും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീല എം

അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ . കെ . പി . ഹുസൈൻ , റിട്ടയേർഡ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signature valid
Digitally signed by BIJI K
Date: 2019.03.1 12:06:09 IST
Reason: